## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. 172

06.07.2015-ൽ മറുപടിയ്ക്ക്

# അമിത വേഗത്തിൽ സഞ്ചരിക്കുന്ന വാഹനങ്ങൾക്കെതിരെ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.മമ്മൂട്ടി,<br>ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ,<br>ശ്രീ.എം.ഉമ്മർ,<br>ശ്രീ.റ്റി.എ.അഹമ്മദ് കബീർ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും<br>വകുപ്പ് മന്ത്രി) |
| (എ) ഹൈവേകളിൽ അമിത വേഗത്തിൽ സഞ്ചരിക്കുന്ന വാഹനങ്ങൾക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) ഹൈവേകളിൽ അമിത വേഗതയിൽ സഞ്ചരിക്കുന്ന വാഹനങ്ങൾക്കെതിരെ 279 IPC, 183 - 184 MV Act, 118(e) of KP Act എന്നീ വകുപ്പുകൾ പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്തും, പെറ്റിക്കേസുകൾ എടുത്തും, ബോധവൽക്കരണം നടത്തിയും നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ ആധുനിക ഇലക്ട്രോണിക് ഉപകരണങ്ങളായ സ്പീഡ് റഡാറുകൾ, സ്പീഡ് ഡിറ്റക്ഷൻ ക്യാമറകൾ, ഇന്റർസെപ്റ്ററുകൾ തുടങ്ങിയവ ഉപയോഗിച്ച് അമിത വേഗത്തിൽ സഞ്ചരിക്കുന്ന വാഹനങ്ങളെ കണ്ടെത്തി മോട്ടോർ വാഹന നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു പിഴ ഈടാക്കി വരുന്നുണ്ട്. |
| (ബി) പിഴ അടയ്ക്കാത്ത വാഹന ഉടമകൾക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാറുള്ളത് ; | (ബി) വാഹനത്തിന്റെ നമ്പർ നോട്ട് ചെയ്ത് ആർ. സി ഉടമകൾക്ക് നോട്ടീസ് നൽകി പിഴയടപ്പിച്ചു വരുന്നു. പിഴയടയ്ക്കാത്ത വാഹന ഉടമകൾക്കെതിരെ 15 ദിവസത്തിനു ശേഷം കോടതിയിൽ ചാർജ്ജുമെമ്മോ തയ്യാറാക്കി ബഹു. കോടതി മുമ്പാകെ അനന്തര നടപടികൾക്കായി സമർപ്പിച്ചു വരുന്നു. |

തുടർന്നും പിഴ അടയ്ക്കാത്തവർക്ക് എതിരെ ബഹു.കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| (സി) | ക്യാമറയുടെ പരിധിയിലെത്തുമ്പോൾ വേഗം കുറയ്ക്കുകയും, പരിധിയിലല്ലാത്തപ്പോൾ അമിത വേഗത്തിൽ പായുകയും ചെയ്യുന്ന വാഹനങ്ങളുടെ കാര്യത്തിൽ എന്തു മാർഗ്ഗം സ്വീകരിക്കാനാവുമെന്ന് വ്യക്തമാക്കുമോ ? | (സി) | ഇത്തരം നിയമലംഘനങ്ങൾ കണ്ടെത്തുന്ന മുറയ്ക്ക് ഉടമസ്ഥർക്കെതിരെ/ ഡ്രൈവർമാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഹൈവേ ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട റോഡുകളിൽ ഫ്ളൈയിംഗ് സ്ക്വാഡുകളും മറ്റ് പോലീസ് വാഹനങ്ങളും പട്രോളിംഗ് നടത്തി ഇത്തരം വാഹനങ്ങളെ കണ്ടെത്തി പിഴ ഈടാക്കുന്നത് ഉൾപ്പെടെ കർശന നിയമ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ ഇന്റർസെപ്റ്റർ, സ്പീഡ് റഡാർ എന്നിവ ഉപയോഗിച്ചും അമിത വേഗതയിൽ പായുന്ന വാഹനങ്ങളെ കണ്ടെത്തി നിയമ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ